# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം - 2957** **19.06.2014- ൽ മറുപടിക്ക്**

## അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി പാലത്തിലെ ടോൾ പിരിവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. എം. ആരിഫ് | | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി പാലം ഏത് തീയതിയിലാണ് ഉദ്ഘാടനം ചെയ്തതെന്നും പാലത്തിന്റെ നിർമ്മാണ ചെലവ് എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ ; | (എ) | 26.03.2002ലാണ് പാലം ഉദ്ഘാടനം ചെയ്തത്. ഇതിന്റെ നിർമ്മാണ ചെലവ് 13 കോടി രൂപയായിരുന്നു. |
| (ബി) | ഈ പാലത്തിലെ ടോൾ പിരിവ് ആരംഭിച്ചത് ഏത് തീയതി യിലാണെന്നും ടോൾ ഇനത്തിൽ ആകെ പിരിച്ചത് എത്ര രൂപയാ ണെന്നും വ്യക്തമാക്കുമോ; ഇനി എത്ര കാലംകൂടി ടോൾ പിരിക്കു വാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ? | (ബി) | 2002 ആഗസ്റ്റ് മാസം മുതലാണ് ടോൾ പിരിവ് തുടങ്ങിയത്. ടോൾ ഇനത്തിൽ ഇതുവരെ 1,03,25,819/ രൂപ (ഒരു കോടി മൂന്ന് ലക്ഷത്തി ഇരുപത്തി അഞ്ചായിരത്തി എണ്ണൂറ്റി പത്തൊമ്പത് രൂപ) പിരിച്ചെടുത്തിട്ടുണ്ട്. പാലം നിർമ്മാണ ത്തിന് ചെലവായ തുക (9% പലിശ നിരക്ക് ഉൾപ്പെടെ) പിരിഞ്ഞു കിട്ടുന്നതു വരെ അല്ലെങ്കിൽ ടോൾ പിരിവ് തുടങ്ങി 20 വർഷം വരെ ഇതിൽ ഏതാണോ ആദ്യം പൂർത്തീകരിക്കപ്പെടുന്നത് അതുവരെ ടി പാലത്തിൽ നിന്നും ടോൾ പിരിക്കേണ്ടി വരും. |

സെക്ഷൻ ഓഫീസർ